## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3013** — **13.03.2018 ലെ മറുപടിയ്ക്ക്**

## കരുനാഗപ്പള്ളി നഗരസഭയിലെ താൽക്കാലിക ജീവനക്കാർ

ചോദ്യം
ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നഗരസഭയിൽ എത്രപേർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; ഇവരിൽ പത്ത് വർഷത്തിലധികമായി ജോലിയിൽ തുടരുന്നവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | 43 പേർ. ഇവരിൽ താഴെപ്പറയുന്നവർ പത്ത് വർഷത്തിലധികമായി ജോലിയിൽ തുടരുന്നു.<br>1. ശ്രീ.സലിം.ഇ,<br>2. ശ്രീ.ബാബു,<br>3. ശ്രീ.ശശി,<br>4. ശ്രീ.ശ്രീകണ്ഠ കുറുപ്പ്,<br>5. ശ്രീമതി.ഷീജ,<br>6. ശ്രീമതി.മിനി ഓമനക്കുട്ടൻ |
| (ബി) | പത്തിലധികം വർഷമായി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | (ബി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം സംസ്ഥാനത്തെ നഗരസഭ /മുൻസിപ്പൽ കോർപ്പറേഷനുകളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനം സംബന്ധിച്ച അധികാരം അതാത് നഗരസഭാ /മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. 22/04/1982 ലെ 14/82/എൽ.ബി.ആർ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്ന് നിയമിക്കുന്ന താൽക്കാലിക തൊഴിലാളികളെ ആദ്യം ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു. നഗരസഭകളിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരായി ജോലി നോക്കുന്നവർക്കിടയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും |

| | | | |
|---|---|---|---|
| | | | സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളെ കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകി സ്ഥിരപ്പെടുത്തുന്നു. ചട്ടപ്രകാരമുള്ള യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നഗരസഭയ്ക്ക് തന്നെ തീരുമാനമെടുക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ